(സി) സംഭരണ, വിതരണ, വിൽപ്പന രംഗങ്ങളിൽനിന്നും ധാന്യം, പഴം, പച്ചക്കറി എന്നിവയുടെ നിയമാനുസൃത സാമ്പിൾ ശേഖരിക്കുവാൻ പ്രത്യേക നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ മാരകമായ രാസവസ്തുക്കളുടെ സാന്നിദ്ധ്യവും പഠന വിധേയമാക്കിവരുന്നു.

(ഡി) ഇത്തരം ഭക്ഷ്യവസ്തുക്കൾ നിയന്ത്രിക്കാനും നിരോധിക്കാനും സത്വര നടപടി സ്വീകരിക്കുന്നതാണ്.

റേഷൻ പഞ്ചസാരയുടെ വില

42 [3330] ശ്രീ. ബിനോയ് വിശ്വം:
„ പി. നാരായണൻ:
„ പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

റേഷൻ കടകൾ വഴിയുള്ള പഞ്ചസാര വിതരണം നിലച്ചിട്ടുണ്ടോ; എങ്കിൽ കാരണമെന്താണെന്ന് വ്യക്തമാക്കുമോ; പഞ്ചസാരയുടെ റേഷൻ വില്യും പൊതുമാർക്കറ്റിലെ വിലയും എത്രയാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

പല സ്ഥലങ്ങളിലും റേഷൻ കടകൾ വഴിയുള്ള പഞ്ചസാര വിതരണം നടക്കുന്നില്ല. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന പഞ്ചസാരയുടെ വിലയ്ക്ക് പൊതുവിപണിയിൽ പഞ്ചസാര ലഭ്യമാണെന്നാണ് ഇതിനുകാരണം. പഞ്ചസാരയുടെ റേഷൻ വില കിലോഗ്രാമിന് 13.50 രൂപയും പൊതുവിപണിയിലെ ഇപ്പോഴത്തെ വില കിലോഗ്രാമിന് 13.25 മുതൽ 14.50 രൂപ വരെയുമാണ്.

റേഷൻ പഞ്ചസാര വിതരണം

43 [3331] ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ പഞ്ചസാര വിതരണം നിലച്ചകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) റേഷൻ പഞ്ചസാര സ്റ്റോക്കെടുക്കുന്നതിന് റേഷൻ വ്യാപാരികൾ വൈമുഖ്യം കാണിക്കുന്നുണ്ടോ;

(ഡി) എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) റേഷൻ കടയിലെ പഞ്ചസാരയുടെ വിലയും പൊതുമാർക്കറ്റിലെ വിലയും വ്യക്തമാക്കുമോ;

(എഫ്) പൊതുമാർക്കറ്റിലെ വില കുറയാൻ ഇടയായത് കാരണമാണോ ഈ പ്രതിസന്ധി ഉണ്ടായത് എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ജി) റേഷൻ പഞ്ചസാര വിതരണം ചെയ്യുന്നതിനായി മുൻസർക്കാർ ഓരോ വർഷവും എത്ര ടൺ പഞ്ചസാര വീതം ലഭ്യമാക്കിയിരുന്നു;

(എച്ച്) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ടൺ ലഭ്യമാക്കുന്നുണ്ട്; 2001-2002, 2002-2003 വർഷത്തിലെ കണക്ക് വ്യക്തമാക്കാമോ;

(ഐ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കാർഡ് ഉടമകൾക്ക് പഞ്ചസാര നൽകുന്നുണ്ട്; മുൻസർക്കാർ എത്ര പേർക്ക് നൽകിയിരുന്നു; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ, ബി) റേഷൻ പഞ്ചസാരയുടെ വിലയ്ക്ക് പൊതുവിപണിയിൽ പഞ്ചസാര ലഭ്യമായിരുന്നതിനാൽ പല സ്ഥലങ്ങളിലും റേഷൻ പഞ്ചസാരയുടെ വിതരണം ഭാഗികമായി നിലച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഉണ്ട്.

(ഡി) പൊതുവിപണിയിലെ പഞ്ചസാരയുടെ വിലയും റേഷൻ കടകളിലെ വിലയും തമ്മിലുള്ള അന്തരം കുറഞ്ഞ സാഹചര്യത്തിൽ റേഷൻ പഞ്ചസാരയുടെ വിൽപ്പനയില്ലാതെ വന്നതിനാലാണ് വ്യാപാരികൾ സ്റ്റോക്കെടുക്കാത്തത്.

(ഇ) പഞ്ചസാരയുടെ റേഷൻ വില കിലോഗ്രാമിന് 13.50 രൂപയും പൊതുവിപണിയിൽ 13.25 രൂപ മുതൽ 14.50 രൂപ വരെയുമാണ്.

(എഫ്) അതെ.

(ജി) 1996 മേയ് മുതൽ 2001 മേയ് വരെ ലഭ്യമാക്കിയ പഞ്ചസാരയുടെ വിവരം ചുവടെ ചേർക്കുന്നു:

വർഷം	പഞ്ചസാരയുടെ അളവ് (ടൺ)
5/96 മുതൽ12/96 വരെ	92644
1997	156115
1998	145500
1999	154451
2000	171033
5/2001 വരെ	26909

(എച്ച്) 2001-2002, 2002-2003 വർഷങ്ങളിലെ കണക്കുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഐ) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള എല്ലാ കാർഡുടമകൾക്കും പഞ്ചസാര നൽകുന്നുണ്ട്. 2001-ൽ ഇത്തരം 2040622 കാർഡുകൾ ഉണ്ടായിരുന്നു. ഇപ്പോൾ 2013641 കാർഡുകൾ ഉണ്ട്.

† അനുബന്ധം IV.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം IV

[17-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 43 (3331) കാണുക.]

പുതിയ സർക്കാർ അധികാരത്തിൽ വന്നശേഷം അനുവദിച്ച പഞ്ചസാരയുടെ അളവ് (ടൺ)

	2001	2002	2003
ജനുവരി	..	3831	3860
ഫെബ്രുവരി	..	3831	3860
മാർച്ച്	..	3831	2100
ഏപ്രിൽ	..	3476	2100
മേയ്	3915	3476	..
ജൂൺ	3810	3860	..
ജൂലൈ	3828	3860	..
ആഗസ്റ്റ്	3828	3860	..
സെപ്തംബർ	3828	3860	..
ഒക്ടോബർ	3828	3860	..
നവംബർ	3783	3860	..
ഡിസംബർ	12770	3860	..

അനുബന്ധം V

[17-7-2003-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 50 (3338) കാണുക.]

Sl. No.	Name of Post
(1)	(2)
1.	Director
2.	Administrative Officer
3.	Finance Officer
4.	Assistant Editor
5.	Sub Editor Grade I
6.	Sub Editor Grade II
7.	Editorial Assistant
8.	Production Officer
9.	Artist
10.	Art Assistant Grade I

LIBRARY ARCHIVES Kerala Legislative Assembly